മൊഡ്യൂൾ 5

# മിശ്കാത്

യൂത്ത് ലേണിംഗ് ഹബ്ബ്, യൂത്ത് ഇന്ത്യ കുവൈത്ത്

YOUTH INDIA
KUWAIT

# ഹജ്ജ്

ഇസ്‌ലാമിലെ അടിസ്ഥാന ഇബാദത്തുകളിൽ ഒന്നാണ് ഹജ്ജ്. നമസ്കാരം, നോമ്പ്, സകാത്ത് എന്നിവയിൽനിന്നു വ്യത്യസ്തമാണിത്. വിശുദ്ധമക്കയിൽ പോയി തിരിച്ചുവരാൻ ശാരീരികമായ ശേഷിയും സാമ്പത്തികമായ കഴിവും യാത്രാസൗകര്യവും ഒത്തിണങ്ങിയവർക്കാണ് ഹജ്ജ് നിർബന്ധമാവുക.

നാലായിരത്തിലധികം വർഷങ്ങൾക്കുമുമ്പ് ഇബ്റാഹീം നബി(അ) മക്കയിൽ നിർമിച്ച ആരാധനാലയമായ കഅ്ബയെക്കുറിച്ച് നമ്മൾ കേട്ടിരിക്കും. അല്ലാഹു പറയുന്നു.

إِنَّ اَوَّلَ بَيْتٍ وُضِعَ لِنَّاسِ لَلَّذِي بِبَكَّةَ مُبَارَكًا وَ هُدًى لِلْعَالَمِين

( തീർച്ചയായും, മനുഷ്യർക്കുവേണ്ടി പണിത ആദ്യത്തെ ആരാധനാകേന്ദ്രം ബക്ക (മക്ക) യിൽ സ്ഥിതിചെയ്യുന്ന വീടാണ്. അത് ലോകർക്ക് അനുഗ്രഹവും മാർഗദർശനവും ആണ് )

കഅ്ബയാണ് ലോകത്തെ മുഴുവൻ മുസ്‌ലീംകളുടെയും ഖിബ്‌ല. അതിനു നേരെ തിരിഞ്ഞാണ് അവർ നമസ്കരിക്കുന്നത്. ഈ ആരാധനാലയത്തെ കേന്ദ്രീകരിച്ചാണ് ഹജ്ജ് കർമ്മങ്ങൾ നടക്കുന്നത്. ഖലീലുല്ലാഹി ഇബ്റാഹീം നബി(അ), പത്നി ഹാജറാബീവി, പുത്രൻ ഇസ്മാഈൽ (അ) എന്നിവരുടെ ത്യാഗപൂർണമായ ജീവിതത്തിന്റെ ഓർമകൾ ഉണർത്തുന്ന ഇബാദത്താണ് ഹജ്ജ്, മുഹമ്മദ് നബി (സ്വ)യും അവിടുത്തെ സ്വഹാബികളും അല്ലാഹുവിന്റെ മാർഗത്തിൽ ജീവിതം അർപ്പിച്ച മക്കയിലാണ് ഹജ്ജിനുവേണ്ടി വർഷത്തിലൊരിക്കൽ മുസ്‌ലീംകൾ ഒത്തുചേരുന്നത്. ധനിക - ദരിദ്ര വ്യത്യാസം കുടാതെ ലളിതമായ വസ്ത്രങ്ങളണിഞ്ഞുള്ള ഈ സംഗമം ഇസ്‌ലാമിക സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും വിളംബരമാണ്.

കഴിവുള്ളവർ ഹജ്ജ് നിർവ്വഹിക്കുക എന്നത് മുസ്‌ലിമിന് അല്ലാഹുവോടുള്ള ബാധ്യതയാണ്. പിഴവുകളില്ലാതെ ഹജ്ജ് നിർവഹിച്ചവർ പിറന്നുവീണ അവസ്ഥയിലെന്ന പോലെ പാപങ്ങളൊന്നുമില്ലാത്തവരായി മാറും. ദുൽഹജ്ജ് മാസത്തിലെ 8 മുതൽ 13 വരെയുള്ള ദിവസങ്ങളിലാണ് ഹജ്ജിന്റെ പ്രധാനകർമങ്ങൾ നിർവഹിക്കാനുള്ളത്.

## മുഖ്യചടങ്ങുകൾ

ഹജ്ജിലെ മുഖ്യമായ ചടങ്ങുകൾ നാലെണ്ണമാണ്. ഇഹ്റാം, ത്വവാഫ്, സഅ്യ്, അറഫയിൽ നിൽക്കൽ എന്നിവയാണവ. ഇവയിൽ ഏതെങ്കിലുമൊന്ന് വിട്ടു പോയാൽ ഹജ്ജ് ശരിയാവുകയില്ല.

## ഇഹ്റാം

ഹജ്ജ്കർമങ്ങളിൽ ആദ്യത്തേത് ഇഹ്റാമാണ്. ഹജ്ജിലോ ഉംറയിലോ നിയ്യത്തോടെ പ്രവേശിക്കുന്നതിനാണ് ഇഹ്റാം എന്നുപറയുന്നത്. ഇഹ്റാമിൽ പ്രവേശിക്കുന്നതിന് പ്രത്യേകം

സ്ഥലങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഇതിന് മീഖാത്ത് എന്നാണ് പറയുക. നമ്മുടെ നാട്ടിൽ നിന്നു പോകുന്നവരുടെ മീഖാത്ത് യലംലം എന്ന സ്ഥലമാണ്. ഇഹ്റാമിൽ പ്രവേശിക്കുന്നതോടെ പുരുഷന്മാർ തുന്നിയ വസ്ത്രങ്ങൾ ധരിക്കാനോ തലമറക്കാനോ പാടില്ല. തുന്നാത്ത രണ്ടുവസ്ത്രങ്ങൾ മാത്രമേ ധരിക്കാവൂ. ഉടുക്കാൻ ഒരു തുണിയും ചുമലിലിടാൻ ഒരു മുണ്ടും മാത്രമടങ്ങിയ ഈ വസ്ത്രം സമത്വത്തിന്റെ പ്രതീകമാണ്. സ്തീകൾ മുഖവും മുൻകൈയും ഒഴികെയുള്ള ഭാഗങ്ങൾ മറയുന്ന വസ്ത്രം ധരിക്കണം. അല്ലാഹുവിന്റെ കല്പന അടിമുടി അനുസരിക്കുവാൻ തയ്യാറാണെന്നും മുസ്ലീംകൾ ഒരൊറ്റ സമുദായമാണെന്നും ഉള്ള ബോധമാണ് ഈ വസ്ത്രധാരണം നമ്മിലുണ്ടാക്കുന്നത്.

മുടിയും നഖവും മുറിക്കൽ, സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കൽ, ലൈംഗിക ബന്ധം, വിവാഹം, വേട്ടയാടൽ തുടങ്ങിയവ ഇഹ്റാമിൽ പ്രവേശിക്കുന്നതോടെ നിഷിദ്ധമാകുന്നു.

## തൽബിയത്ത്

ഇഹ്റാമിൽ പ്രവേശിക്കുന്നതോടെ ധാരാളമായി തൽബിയത്ത് ചൊല്ലൽ സുന്നത്താണ്. താഴെ പറയുന്നതാണ് തൽബിയത്ത്.

لَبَّيْكَ اللهُمَّ لَبَّيْكَ لَبَّيْك, لَا شَرِيكَ لَكَ لَبَّيْكَ, إِنَّ الحَمْدَ و النِّعْمَةَ لَكَ و المُلْك, لَا شَرِيكَ لَكَ

(അല്ലാഹുവേ! നിന്റെ വിളിക്ക് ഇതാ ഞാൻ ഉത്തരം ചെയ്തിരിക്കുന്നു. ഞാനിതാ ഉത്തരം നൽകിയിരിക്കുന്നു. ഉത്തരം നൽകിയിരിക്കുന്നു, നിനക്കു പങ്കുകാരില്ല. ഞാൻ നിനക്കുത്തരം നൽകിയിരിക്കുന്നു. നിശ്ചയം സർവ സ്തുതിയും അനുഗ്രഹവും നിന്റേതാണ്. അധികാരവും നിന്റേതാണ്. നിനക്കു പങ്കുകാരേയില്ല)

## ത്വവാഫ് (الطَّوَاف)

ഹജ്ജിനോ ഉംറക്കോ വേണ്ടി ഇഹ്റാമിൽ പ്രവേശിച്ച ആൾ മക്കയിൽ എത്തിയാൽ ആദ്യമായി ചെയ്യുന്ന കർമം ത്വവാഫ് ആണ്. പരിശുദ്ധ കഅ്ബയെ ഇടതു വശത്താക്കി ഏഴു തവണ പ്രദക്ഷിണം വെക്കുകയാണ് ത്വവാഫിൽ ചെയ്യുന്നത്. മനുഷ്യജീവിതം ഏകനായ അല്ലാഹുവിൽ കേന്ദ്രീകരിച്ചു കൊണ്ടുള്ളതാണെന്ന ആശയമാണ് ഈ ചുറ്റി നടത്തത്തിൽ അടങ്ങിയിട്ടുള്ളത്. തന്നെ സ്നേഹിക്കുകയും കണക്കറ്റ അനുഗ്രഹങ്ങൾ ചൊരിയുകയും ചെയ്യുന്ന പ്രപഞ്ചനാഥനോടുള്ള അങ്ങേയറ്റത്തെ സ്നേഹപ്രകടനം കൂടിയാണിത്. ഹജ്ജിന്റെയും ഉംറയുടെയും ഭാഗമല്ലാതെതന്നെ ഏതുസമയത്തും കഅ്ബയെ ത്വവാഫ് ചെയ്യുന്നത് സുന്നത്താണ്.

ത്വവാഫിനു ശേഷം സംസം വെള്ളം കുടിക്കുകയും മഖാമു ഇബ്റാഹീമിന്റെ പിന്നിൽ നിന്ന് രണ്ട് റക്അത്ത് നമസ്കരിക്കുകയും പ്രാർഥിക്കുകയും ചെയ്യേണ്ടതാണ്. കഅ്ബയുടെ വാതിലിനു മുൻവശത്തായി ഉയർന്നുനിൽക്കുന്ന ഒരു കണ്ണാടിക്കൂടുണ്ട്. ഇബ്റാഹീം നബി (അ) പ്രാർഥിച്ച ഈ സ്ഥലത്തിനാണ് മഖാമു ഇബ്റാഹീം എന്നു പറയുന്നത്.

## സഅ്യ് (السَّعْيِ )

ത്വവാഫിന് ശേഷമുള്ള പ്രധാനപ്പെട്ട കർമമാണ് സഅ്യ്. കഅ്ബക്ക് സമീപമുള്ള സഫാ മർവ കുന്നുകൾക്കിടയിൽ ഏഴു പ്രാവശ്യം ഓടുന്ന ചടങ്ങിനെയാണ് സഅ്യ് എന്നു പറയുന്നത്. ഈ കാര്യങ്ങളെല്ലാം അല്ലാഹുവിന്റെ പൊരുത്തവും അനുഗ്രഹവും തേടിക്കൊണ്ട് മനുഷ്യർ നടത്തുന്ന നിരന്തര പരിശ്രമത്തിന്റെ സൂചന നൽകുന്നു. സ്വഫയിൽ നിന്ന് മർവയിലെത്തുന്നതോടെ ഒരു സഅ്യ് പൂർത്തിയാവും. തിരിച്ച് സ്വഫയിലെത്തുന്നതോടെ രണ്ടാമത്തേതും. ഉംറ മാത്രം നിർവഹിക്കാൻ നിയ്യത്തു ചെയ്തവർ സഅ്യ് കഴിയുന്നതോടെ മുടികളയുകയോ മുറിക്കുകയോ ചെയ്തതുകൊണ്ട് ഇഹ്റാമിൽ നിന്നൊഴിവാകുന്നു.

## അറഫ മഹാസംഗമം

ഹജ്ജിലെ ഏറ്റവും പ്രാധാന്യമുള്ള ചടങ്ങാണ് അറഫയിൽ നിൽക്കൽ. ദുൽഹജ് 9 ളുഹർ നമസ്കാരശേഷം അസ്തമയം വരെയാണ് അറഫയിൽ നിൽക്കേണ്ടത്. ഈ സമയത്തിനിടയിൽ അൽപനേരമെങ്കിലും ഒരാൾക്ക് അറഫയിൽ നിൽക്കാൻ കഴിഞ്ഞില്ലെങ്കിൽ അയാൾക്ക് ഹജ്ജ് ലഭിക്കുകയില്ല. അന്ത്യനാളിൽ മനുഷ്യരെല്ലാം അല്ലാഹുവിന്റെ മുമ്പിൽ ഹാജറാകുന്ന മഹ്ശറയെ ഓർമിപ്പിക്കുന്നതാണ് ലക്ഷക്കണക്കിനാളുകൾ ഒരുമിച്ചുകൂടുന്ന അറഫ.

# മറ്റു കർമങ്ങൾ

## മുസ്തദലിഫയിൽ രാപാർക്കൽ

ദുൽഹജ്ജ് 9 ന് സൂര്യാസ്തമയത്തിനുശേഷം അറഫയിൽനിന്ന് മുസ്ദലിഫയിലേക്ക് പുറപ്പെട്ട് രാത്രി അവിടെ കഴിച്ചുകൂട്ടേണ്ടതാണ്. അറഫയുടെയും മിനായുടെയും ഇടയിലുള്ള സ്ഥലമാണ് മുസ്ദലിഫ, പിറ്റേന്നു സുബ്ഹ് നമസ്കാരത്തിനു ശേഷം സൂര്യോദയത്തിനുമുമ്പായി മുസ്ദലിഫയിൽ നിന്ന് മിനായിലേക്കു പുറപ്പെടണം. സ്ത്രീകൾ, വൃദ്ധന്മാർ, അവരുടെ സഹായികൾ എന്നിവർക്ക് പാതിരാവിനു ശേഷം തന്നെ പുറപ്പെടാവുന്നതാണ്.

## ജംറയിൽ കല്ലേറ്

ദുൽഹജ്ജ് 10 യൗമുന്നഹ്ർ (يَوْمُ النَّحْرِ) എന്നാണറിയപ്പെടുന്നത്. ബലിയറുക്കുന്ന ദിവസം എന്നാണ് അതിനർഥം. ഈ ദിവസം മുസദലിഫയിൽനിന്ന് മിനായിലെത്തിയവർ ജംറയിൽ കല്ലെറിയണം, കല്ലെറിയുന്ന സ്ഥലങ്ങളെ ജംറകൾ എന്നറിയപ്പെടുന്നു. കല്ലു കൊണ്ട് കെട്ടി ഉയർത്തപ്പെട്ട ഒരു സ്തൂപത്തിനു നേരെയാണ് എറിയുക. മനുഷ്യനെ വഴിതെറ്റിക്കുന്ന പിശാചുക്കളെയാണ് ഇവ സൂചിപ്പിക്കുന്നത്. ഇത്തരം മൂന്ന് ജംറകളാണുള്ളത്. ഇതിൽ അവസാനത്തെ ജംറയാണ് ജംറതുൽ അഖബ.

## മൃഗബലി

ബലി നിർബന്ധമുള്ളവർ ജംറയിലെ കല്ലേറിനുശേഷം ബലിയറുക്കേണ്ടതാണ്. അവിടെ വെച്ചോ മറ്റു സൗകര്യമുള്ള സ്ഥലങ്ങളിലോ ആകാവുന്നതാണ്. മകനെ ബലിയറുക്കാൻ ഇബ്റാഹിം നബി (അ) ഒരുങ്ങിയ സംഭവമുണ്ടല്ലോ. പ്രിയപ്പെട്ടതെന്തും അല്ലാഹുവിന്റെ മാർഗത്തിൽ ത്യജിക്കാനുള്ള സന്നദ്ധത ഇതോർമിപ്പിക്കുന്നു. ജീവിതവും മരണവും അല്ലാഹുവിനു വേണ്ടിയാവണമെന്ന വലിയ പാഠമാണ് ഈ ബലികർമം പഠിപ്പിക്കുന്നത്. തുടർന്ന് മക്കയിലെത്തി വീണ്ടും ത്വവാഫും സഅ്യും നിർവഹിക്കേണ്ടതാണ്. ( طَوَافُ الإِفَاضَة) ഈ ത്വവാഫും സഅയും ഹജ്ജിന്റെ നിർബന്ധകർമങ്ങളിൽ പെട്ടതാണ്. പിന്നീട് തലമുടി മുറിക്കണം. പുരുഷന്മാർ മുടി മുഴുവൻ കളയുന്നതാണ് ഉത്തമം. സ്ത്രീകൾ മുടിയുടെ അറ്റം അൽപം മുറിച്ചാൽ മതി. ഇതോടെ ഇഹ്റാമിൽ നിന്നൊഴിവാകുന്നതാണ്. ഇതിനുശേഷം മിനായിലേക്കു മടങ്ങുകയും അടുത്ത മൂന്നുദിവസങ്ങൾ അവിടെ കഴിച്ചുകൂട്ടുകയും വേണം. ഈ ദിവസങ്ങളിൽ ളുഹറിനു ശേഷം മൂന്നു ജംറകളിലും 7 വീതം കല്ലുകൾ എറിയണം. ഹജ്ജ് പൂർത്തിയാക്കിയ ശേഷം നാട്ടിലേക്കു തിരിക്കുന്നതിനു മുമ്പായി ഒരു ത്വവാഫ് കൂടിയുണ്ട് (طَوَافُ الوِدَاع) യാത്രക്കുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കിയ ശേഷം മക്കവിടുന്നതിനു മുമ്പ് അവസാനമായി ചെയ്യുന്നതാണ് ഈ ത്വവാഫ്.

## ഉംറ (العُمْرَة)

ഹജ്ജ് പോലെ, കഴിവുള്ളവർ ജീവിതത്തിലൊരിക്കൽ ഉംറ നിർവഹിക്കൽ നിർബന്ധമാണ്. ഉംറ ഏതുകാലത്തും നിർവഹിക്കാം. റമദാനിലെ ഉംറ കൂടുതൽ പുണ്യമുള്ളതാണ്. ഇഹ്റാം, ത്വവാഫ്, സഅ്യ്, മുടിനീക്കുക എന്നിവയാണ് ഉംറയുടെ കർമങ്ങൾ, ഹജ്ജിലെപ്പോലെത്തന്നെ തൽബിയത്ത്, ദിക്റ്, ദുആ എന്നിവ ഉംറയിലും വേണം. ഹജ്ജിലെ പ്രാധാന കർമമായ അറഫയിൽ നിൽക്കൽ ഉംറയിൽ വേണ്ടതില്ല.

# ഹദീസ് പഠനം

## പരസ്പരബന്ധങ്ങൾ മെച്ചപ്പെടുത്തുക

عَنْ أَبِي الدَّرْدَاءِ رَضِي اللهُ عَنْهُ قَالَ : قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ
« أَلَا أُخْبِرُكُمْ بِأَفْضَلَ مِنْ دَرَجَةِ الصِّيَامِ وَالصَّلَاةِ وَالصَّدَقَةِ ، قَالُوا بَلَي. قَالَ »
إِصْلَاحُ ذَاتِ الْبَيْنِ فَإِنَّ فَسَادَ ذَاتِ الْبَيْنِ هِيَ الْحَالِقَةُ. (ترمذي)

**റസൂൽ (സ്വ) പ്രസ്താവിച്ചതായി അബുദ്ദർദാഅ് (റ) നിവേദനം ചെയ്യുന്നു: റസൂൽ (സ്വ) ചോദിച്ചു: 'ശ്രദ്ധിക്കുവിൻ! (ഐച്ഛികമായ) നോമ്പിനെക്കാളും നമസ്കാരത്തെക്കാളും ദാനത്തേക്കാളും ഉന്നതമായ പദവിയുള്ള പുണ്യമെന്താണെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ?' ശിഷ്യന്മാർ പറഞ്ഞു: 'പറഞ്ഞുതന്നാലും.' തിരുമേനി പറഞ്ഞു: 'പരസ്പരബന്ധങ്ങൾ നന്നാക്കലാണത്. തീർച്ചയായും പരസ്പരബന്ധങ്ങളുടെ തകർച്ച നാശകാരി തന്നെയാണ്.**

മനുഷ്യർ പരസ്പരം നല്ല ബന്ധത്തിലായിരിക്കണം. ആളുകൾക്കിടയിൽ സ്നേഹവും സൗഹാർദവും എപ്പോഴും നിലനിൽക്കണമെന്ന് ഇസ്‌ലാം ആഗ്രഹിക്കുന്നു. നല്ല അയൽപക്കബന്ധങ്ങൾ സമൂഹത്തിലുണ്ടാവണം. മുതിർന്നവരെ ബഹുമാനിക്കുന്ന ഇളംതലമുറയും ചെറിയവരോട് വാത്സല്യത്തോടെ പെരുമാറുന്ന മുതിർന്നവരും. പാവപ്പെട്ടവരെ സഹായിക്കുന്ന ധനികർ, പൊതുസേവനതൽപരരായ യുവാക്കൾ, നല്ല നിലയിലുള കുടുംബബന്ധങ്ങൾ, സ്നേഹമുള്ള അയൽക്കാർ, ശാന്തിയും സമാധാനവും കളിയാടുന്ന അന്തരീക്ഷം. ഇതെല്ലാമുള്ള ഒരു സമൂഹം വളർന്നു വരണമെന്നതാണ് ഇസ്‌ലാമിന്റെ ആഗ്രഹം. അതുകൊണ്ടാണ് ആളുകളെ കണ്ടുമുട്ടുമ്പോൾ സലാം പറയണമെന്ന് ഇസ്‌ലാം നിർദേശിക്കുന്നത്. ഒരു മുസ്‌ലിമിന് മറ്റു മുസ്‌ലീംകളോടുള്ള ബാധ്യതകളെപ്പറ്റി ഇസ്‌ലാം ധാരാളം നിർദേശങ്ങൾ നൽകിയിട്ടുള്ള കാര്യം നമ്മങ്ങൾക്കറിയാമല്ലോ.

കുടുംബബന്ധങ്ങൾ നിലനിർത്തുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. മാതാപിതാക്കൾ, സഹോദരങ്ങൾ, അവരുടെ സന്തതികൾ ഇങ്ങനെ രക്തബന്ധത്തിന്റെ എല്ലാ കണ്ണികളെയും സത്യവിശ്വാസികൾ അടുപ്പിച്ചു നിർത്തണം. അവരെ സന്ദർശിച്ചും അവരുടെ സുഖവിവരങ്ങൾ അന്വേഷിച്ചും അവരുമായുള്ള ബന്ധങ്ങൾ നിലനിർത്താൻ ശ്ര

മിക്കമണം അവർക്ക് സഹായങ്ങൾ ചെയ്തുകൊടുക്കാൻ നാം ബാധ്യതയുള്ളവരാണെന്ന കാര്യവും മറന്നു പോകാൻ പാടില്ല. ഏറ്റവും അടുത്ത ബന്ധുക്കളിലെ ദരിദ്രരെയും കഷ്ടപ്പെടുന്നവരെയും സഹായിക്കാതെ സ്വർഗപ്രവേശം സാധ്യമാവുകയില്ലെന്ന് ഖുർആൻ പാഠിപ്പിച്ചിട്ടുണ്ട്.

ബന്ധങ്ങൾ ദൃഢമാക്കാൻ വിട്ടുവീഴ്ച, പരസഹായ മനസ്സ്, സ്വഭാവശുദ്ധി, നല്ല പെരുമാറ്റം എന്നിവ നിർബന്ധമാണ്. പരസ്പരം മനസ്സിലാക്കാനും പൊറുക്കാനുമുള്ള ഹൃദയവിശാലതയാണ് മുഅ്മിൻ പ്രദർശിപ്പിക്കേണ്ടത്. പ്രവാചകന്മാരുടെയും സ്വഹാബിമാരുടെയും ഇസ്‌ലാമിലെ മാതൃകാഭരണാധികാരികളുടെയും ജീവിതത്തിൽനിന്ന് നമുക്കിതിന് ധാരാളം ഉദാഹരണങ്ങൾ കണ്ടെത്താൻ കഴിയും,

നമസ്കാരം, നോമ്പ്, സക്കാത്ത് തുടങ്ങിയ അനുഷ്ഠാന കർമങ്ങളുടെ പല ലക്ഷ്യങ്ങളിൽ ഒന്ന് പരസ്പര ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുകയാണ്. അതുകൊണ്ടാണ്. ഐച്ഛികമായ നമസ്കാരം, നോമ്പ്, ദാനധർമങ്ങൾ എന്നിവയെക്കാൾ വിലപ്പെട്ടതാണ് പരസ്പരബന്ധങ്ങളിലെ ചേർച്ച എന്ന് റസൂൽ (സ്വ) പറയാൻ കാരണം. സംഘം ചേർന്നുള്ള നമസ്കാരവും നോമ്പിലെ സംഘം ചേർന്നുള്ള അനുഷ്ഠാനവും ദാനധർമങ്ങളും ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാൻ കൂടി നമ്മെ സഹായിക്കുന്നു. പല ഇബാദത്തുകളും സംഘം ചേർന്നു നിർവഹിക്കുന്നതിനെ ഇസ്‌ലാം പ്രോത്സാഹിപ്പിച്ചിട്ടുള്ളത് പരസ്പര ബന്ധങ്ങൾ മെച്ചപ്പെടുത്താൻ കൂടിയാണ്. ചിലരുണ്ട്, വളരെയധികം സമയം ഇബാദത്തുകളിൽ മുഴുകും, പക്ഷേ നല്ല ബന്ധം സൂക്ഷിക്കേണ്ടവരോടൊക്കെ അകന്ന് ജീവിക്കുകയും ചീത്ത പെരുമാറ്റം കൊണ്ട് അവരുടെയൊക്കെ വെറുപ്പ് സമ്പാദിക്കുകയും ചെയ്യും. സ്വന്തം കുടുംബത്തോടും സുഹൃത്തുക്കളോടും ഒപ്പമുള്ളവരോടും പിണങ്ങിയും വഴക്കിട്ടും ജീവിക്കുന്ന ഒരാളുടെ ഇബാദത്തുകൾ ഫലപ്രദമാവുമെന്ന് വിചാരിക്കാനാവുമോ?

അനൈക്യവും ഭിന്നിപ്പും ഇസ്‌ലാം അങ്ങേയറ്റം വെറുക്കുന്നു. എത്ര ഭദ്രമായ ബന്ധങ്ങളെയും നിമിഷനേരം കൊണ്ട് തകർത്തെറിയാൻ അനൈക്യത്തിന്റെയും ശ്രതുതയുടെയും വിത്തുകൾക്ക് സാധിക്കും. വ്യക്തികളുടെ പരസ്പരവിശ്വാസം നഷ്ടമാവാൻ അത് കാരണമായിത്തീരും.

ഖുർആൻ പറയുന്നു: "നിങ്ങൾ പരസ്പരം കലഹിക്കാതിരിക്കുവിൻ. കലഹിക്കുന്ന പക്ഷം നിങ്ങൾ ദുർബലരാവും. നിങ്ങളുടെ വീര്യം ചോർന്നുപോവുകയും. (അൽഅൻഫാൽ: 46).

# അബൂത്വൽഹതൽ അൻസ്വാരി

വൈധവ്യം സംഭവിച്ച സുശീലയും സുമുഖിയും ബുദ്ധിമതിയും കുലീനയുമായ ഉമ്മു സുലൈമിനെ വേൾക്കണമെന്ന അഭിലാഷം അബൂത്വൽഹയുടെ ഹൃദയത്തിൽ മൊട്ടിട്ടു. നജ്ജാർ ഗോത്രക്കാരിയായ ഇവരുടെ യഥാർഥ പേര് റുമൈസാ എന്നാണ്. ഭർത്താവ് മാലികുബ്നു നദ്ർ മരിക്കുമ്പോൾ അവർക്ക് ഒരു കുട്ടിയേ ഉണ്ടായിരുന്നുള്ളൂ. അതാണ് നബിയുടെ ആയുഷ് കാല പരിചാരകനായി സേവനം അനുഷ്ഠിക്കാൻ ഭാഗ്യം സിദ്ധിച്ച അനസുബ്നു മാലിക്.

യോഗ്യരായ പലരും വിവാഹാലോചന നടത്തിയെങ്കിലും ബാലനായ അനസിനെ യോർത്ത് ഉമ്മു സുലൈം പുനർ വിവാഹത്തിന് മടിച്ചു. ദിവസം ചെല്ലുന്തോറും അബൂ ത്വൽഹയുടെ ആഗ്രഹത്തിന് ഊക്കുകൂടി. നജ്ജാർ ഗോതത്തിൽ തന്നെ ജനിച്ച സൈദുബ്നു സഹ്ൽ എന്നു പേരുള്ള അബു ത്വൽഹ ധനാഢ്യനും മാന്യനുമാണ്. നജ്ജാർ ഗോത്രത്തിലെ കുതിരപ്പോരാളിയും മദീനയിലെ വിരലിലെണ്ണാവുന്ന വില്ലാളികളിൽ ഒരാളും കൂടിയായ തന്റെ വിവാഹാഭ്യർഥന ഉമ്മു സുലൈം നിരസിക്കുകയില്ലെന്നു അദ്ദേഹത്തിന് ശുഭപ്രതീക്ഷയുണ്ട്. പക്ഷേ, തന്റെ ഇംഗിതം അറിയിക്കുന്നതിനു മുമ്പ് മറ്റാർക്കെങ്കിലും വാക്കുകൊടുത്തു പോയാലോ? അതോർത്തപ്പോൾ അദ്ദേഹത്തിന് ഇരിപ്പുറച്ചില്ല. വേഗം അണിഞ്ഞൊരുങ്ങി ഉമ്മു സുലൈമിന്റെ വസതിയെ ലക്ഷ്യമാക്കി പുറപ്പെട്ടു.

വഴിക്കുവെച്ച് ഒരു സംശയം അദ്ദേഹത്തെ അലട്ടി. മക്കാ നിവാസിയായ മുസ്അ ബുബ്നു ഉമൈറിന്റെ പ്രചാരവേലയിൽ കുടുങ്ങി ഉമ്മു സുലൈം ഇസ്ലാം സ്വീകരി ച്ചിട്ടുണ്ട്. താൻ ഉറച്ച പഴയ വിശ്വാസക്കാരനും? ഇതിന് അദ്ദേഹം തന്നെ മറുപടിയും കണ്ടെത്തി: വിവാഹത്തിന് വിശ്വാസം തടസ്സമാവുന്നതെന്തിന്? അവളുടെ മരിച്ച ഭർത്താവ് പൂർവികന്മാരുടെ മതത്തിൽ ഉറച്ചുനിന്ന് മുഹമ്മദിനെ എതിർക്കുന്നവനായിരുന്നില്ലേ?

ആത്മവിശ്വാസത്തോടെ അബൂത്വൽഹ ഉമ്മു സുലൈമിന്റെ വീട്ടിൽ ചെന്നു. അനുവാദം ചോദിച്ചു അകത്തു കയറി, മകൻ അനസ് ഉമ്മയുടെ കൂടെത്തന്നെയുണ്ട്. അബൂത്വൽഹ വിവാഹകാര്യം അവതരിപ്പിച്ചു. അതിന് അവരുടെ പ്രതികരണം ഇതായിരുന്നു: "അബൂത്വൽഹാ! താങ്കളെപ്പോലെയുള്ള ഒരു വ്യക്തിയെ നിരസിക്കാനാവു കയില്ല. പക്ഷേ, അവിശ്വാസിയായ താങ്കളെ ഞാൻ ഒരിക്കലും വേൾക്കുകയില്ല.'

ഉമ്മു സുലൈം ഒഴിഞ്ഞുമാറുകയാണെന്നും തന്നെക്കാൾ പണവും പ്രതാപവുമുള്ള ഒരാളെ അവൾ കണ്ടുവെച്ചിട്ടുണ്ടാവണമെന്നുമാണ് അദ്ദേഹം ധരിച്ചത്.

"ഉമ്മു സുലൈം! നീ എന്നെ നിരസിക്കാനുള്ള കാരണം മറ്റൊന്നാണ് -അബൂ ത്വൽഹ, '

'എന്തു കാരണം?' - ഉമ്മു സുലൈം

‘ മഞ്ഞയും വെള്ളയും... സ്വർണവും വെള്ളിയും’ - അബൂത്വൽഹ

‘അബൂത്വൽഹാ! താങ്കളും അല്ലാഹുവിന്റെ റസൂലും സാക്ഷിയാണ്, ഇസ്‌ലാം സ്വീകരിച്ചാൽ സ്വർണമോ വെളളിയോ ഇല്ലാതെ താങ്കളെ ഞാൻ ഭർത്താവായി സ്വീകരിക്കും, എനിക്കുള്ള വിവാഹമൂല്യം താങ്കളുടെ മതപരിവർത്തനമായിരിക്കും’ - ഉമ്മു സുലൈം അറിയിച്ചു.

അദ്ദേഹം ഒരു നിമിഷം ചിന്താമൂകനായി. തന്റെ ഗോത്രത്തിലെ ഓരോ നേതാവിനും സ്വന്തമായി ഓരോ വിഗ്രഹം ഉള്ളതുപോലെ അദ്ദേഹത്തിനും സ്വന്തം വിഗ്രഹമുണ്ട്. മേത്തരം മരത്തടികൊണ്ട് നിർമിച്ച ആ വിഗ്രഹത്തെപ്പറ്റിയാണ് അദ്ദേഹം പെട്ടെന്ന് ചിന്തിച്ചുപോയത്. ഇത് മനസ്സിലാക്കിയ ഉമ്മു സുലൈം പറഞ്ഞു: ‘താങ്കൾ ആരാധിക്കുന്ന ദൈവം മണ്ണിൽ മുളച്ചതാണെന്ന് അറിഞ്ഞുകൂടേ? ഒരു മരക്കൊമ്പിനെ ആരാധിക്കാൻ താങ്കൾക്ക് ലജ്ജയില്ലേ? ആ മരത്തിന്റെ ഒരു ഭാഗംകൊണ്ട് താങ്കൾ ദൈവത്തെയു ണ്ടാക്കുമ്പോൾ ശേഷിച്ച ഭാഗം മറ്റു ചിലർ തീക്കായാനും റൊട്ടി ചുടാനും വിറകായി ഉ പയോഗിക്കുന്നു. അബൂത്വൽഹാ! താങ്കൾ മുസ്‌ലിമായാൽ ഞാൻ താങ്കളെ ഭർത്താവായി സ്വീകരിക്കാം,

‘ഇസ്‌ലാം സ്വീകരിക്കാൻ എന്നെ ആർ സഹായിക്കും?’ അബൂത്വൽഹ ആരാഞ്ഞു.

’ഞാൻ സഹായിക്കാം’ - ഉമ്മു സുലൈം.

“എങ്ങനെ?’ - അബൂത്വൽഹ

“താങ്കൾ സത്യവചനം ഉച്ചരിക്കണം, ‘അശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹ്, വഅന്ന മുഹമ്മദൻ റസൂലുല്ലാഹ് എന്ന് പ്രഖ്യാപിച്ചാൽ മതി. എന്നിട്ട് വീട്ടിൽ പോയി താങ്കളുടെ വിഗ്രഹത്തെ നശിപ്പിച്ച് വലിച്ചെറിയണം.‘ - ഉമ്മ സുലൈം അറിയിച്ചു.

അബൂത്വൽഹയുടെ മുഖത്ത് സന്തോഷം കളിയാടി. അദ്ദേഹം ശഹാദത്ത് കലിമ ചൊല്ലി മുസ്‌ലിമായി. തുടർന്ന് ഉമ്മു സുലൈമുമായുള്ള വിവാഹം നടന്നു. ‘ഉമ്മു സുലൈമിന്റെ വിവാഹധനത്തെക്കാൾ ഉദാരമായി ഒരു വിവാഹധനം ഞങ്ങൾ കേട്ടിട്ടില്ല. അവർ വിവാഹധനമായി ആവശ്യപ്പെട്ടത് ഇസ്‌ലാമിനെയാണ് എന്ന് സ്വഹാബികൾ പറയാറുണ്ടായിരുന്നു.

ഈ സംഭവത്തോടെ അബൂത്വൽഹ ഇസ്‌ലാമിന്റെ കൊടിക്കീഴിൽ അണിചേർന്നു. തന്റെ അപാര കഴിവുകൾ അതിന്റെ വിജയത്തിനായി വിനിയോഗിച്ചു. നബിയോട് അഖബയിൽ വെച്ച് പ്രതിജ്ഞ ചെയ്ത് എഴുപത്തഞ്ച് മദീനാ മുസ്‌ലീംകളിൽ അബൂ ത്വൽഹയും ഭാര്യ ഉമ്മു സുലൈമും ഉണ്ടായിരുന്നു. മദീനയിലെ മുസ്‌ലീംകൾക്ക് നേതൃത്വം നൽകാൻ തിരുമേനി തെരഞ്ഞെടുത്ത പന്ത്രണ്ട് നേതാക്കന്മാരിൽ അദ്ദേഹവും പെടും. നബിയോടൊപ്പം എല്ലാ യുദ്ധങ്ങളിലും പങ്കെടുത്ത് അദ്ദേഹം ത്യാഗോജ്ജ്വ ലമായ രംഗങ്ങൾ കാഴ്ച വെച്ചു. എന്നാൽ ഉഹുദ് യുദ്ധത്തിലാണ് അദ്ദേഹം കൂടുതൽ ശ്രദ്ധേയനായത്. ആ രംഗം ചുവടെ വിവരിക്കാം:

അളവറ്റ സ്നേഹമായിരുന്നു അബൂത്വൽഹക്ക് നബിയോട്. മജ്ജയിലും മാംസത്തിലും അലിഞ്ഞുചേർന്ന സ്നേഹം. തിരുമേനിയെ എത്രകണ്ടാലും മതിവരാറില്ല. ആ മധുരവചനങ്ങൾ എത്ര കേട്ടാലും തികയാറില്ല. സദസ്സിൽ നിന്ന് എല്ലാവരും എഴുന്നേറ്റുപോയാലും അബൂത്വൽഹ അവിടെത്തന്നെ ഇരിക്കും. എന്നിട്ട് തിരുമേനിയുടെ മുന്നിൽ കൈകുത്തിക്കിടന്ന് 'എന്റെ ജീവൻകൊണ്ട് ഞാൻ അങ്ങയുടെ ജീവൻ രക്ഷിക്കും. എന്റെ മുഖം കൊണ്ട് ഞാൻ അങ്ങയുടെ മുഖം കാക്കും' എന്നു പറഞ്ഞു കൊണ്ടിരിക്കും.

ഉഹുദ് യുദ്ധത്തിൽ മുസ്‌ലീംകൾ വിഹ്വലരായി ഓടുകയും നബിയുടെ രക്ഷാവലയം തകരുകയും ചെയ്തപ്പോൾ നാനാ ഭാഗങ്ങളിലൂടെ മുശ്‌രിക്കുകൾ തിരുമേനിയെ ജീവാപായപ്പെടുത്താൻ ഓടിയെത്തി. തുടർന്നുണ്ടായ ഏറ്റുമുട്ടലിൽ നബിയുടെ ഒരു പല്ല് നഷ്ടപ്പെട്ടു. നെറ്റിയിലും അധരങ്ങളിലും മുറിവേറ്റ് രക്തം ഒഴുകി. നബി കൊല്ലപ്പെട്ടുവെന്നുപോലും ഈ സന്ദർഭത്തിൽ ചിലർ പ്രചാരണം അഴിച്ചുവിട്ടു. ഇത് മുസ്‌ലീംകളെ പൂർവാധികം ഭീരുക്കളും ദുർബലരുമാക്കി. ദൈവശത്രുക്കൾക്ക് പുറംകാണിച്ച് അവർ ഓടി. തുച്ഛം പേരേ നബിയുടെ കൂടെ ഉറച്ചുനിന്നുള്ളൂ. ഇവരുടെ മുൻപന്തിയിൽ അബൂത്വൽഹ ഉണ്ടായിരുന്നു.

യുദ്ധരംഗത്ത് പാറപോലെ ഉറച്ചുനിന്ന അദ്ദേഹത്തിന്റെ പിന്നിലാണ് നബി രക്ഷ പ്രാപിച്ചത്. അബൂത്വൽഹ ഉന്നം പിഴക്കാതെ ശരങ്ങൾ തൊടുത്തുവിട്ട് തിരുമേനിയിൽനിന്നു ശത്രുക്കളെ അകറ്റിക്കൊണ്ടിരുന്നു. ശരങ്ങൾ ചെന്നു വീഴുന്നത് കാണാൻ നബി പിറകിൽ നിന്ന് എത്തിനോക്കുമ്പോൾ അദ്ദേഹം തടസ്സപ്പെടുത്തി- തിരുമേനി ശത്രുക്കളുടെ ആയുധത്തിന് ഇരയാകുമെന്ന ഭീതികൊണ്ട്, 'എന്റെ മാതാപിതാക്കന്മാരെ അങ്ങയുടെ ജീവനു വേണ്ടി ഞാൻ ബലി കൊടുക്കും. അങ്ങ് എത്തിനോക്കരുത്. അവരുടെ അമ്പുകൾ തറക്കും. അങ്ങയുടെ കഴുത്തിന് എന്റെ കഴുത്തും നെഞ്ചിന് എന്റെ നെഞ്ചുമുണ്ട്, അങ്ങയ്ക്കു വേണ്ടി മരണം വരിക്കാൻ ഞാൻ ഒരുങ്ങിക്കഴിഞ്ഞു' - അദ്ദേഹം നബിയോട് പറഞ്ഞു.

ഒരു കുറ്റി നിറയെ അമ്പുകളോടെ ഒരു മുസ്‌ലീം ഭടൻ പിന്തിരിഞ്ഞോടുന്നതു കണ്ട നബി അയാളോട് വിളിച്ചു പറഞ്ഞു:

"അമ്പുകൾ അബൂത്വൽഹക്ക് എറിഞ്ഞുകൊടുക്കൂ. അമ്പുകളോടെ നീ പിന്തിരിഞ്ഞോടരുത്.'

മൂന്നു വില്ലുകൾ മുറിയുന്നതുവരെ അബൂത്വൽഹ നബിയുടെ ജീവനു വേണ്ടി അടരാടി. ഇതിനിടയിൽ ഒട്ടേറെ ശത്രുഭടന്മാരെ അദ്ദേഹം കൊന്നു. ഒടുവിൽ യുദ്ധം നിലച്ചു. അല്ലാഹുവിന്റെ കാവലും, കൂറുള്ള അനുയായികളുടെ അർപ്പണ ബോധവും കാരണം നബി നിസ്സാരമായ പരുക്കുകളോടെ രക്ഷപ്പെട്ടു.

അല്ലാഹുവിനു വേണ്ടി ജീവൻ മാത്രമല്ല, സ്വത്തും കൈവെടിയാൻ അബൂ ത്വൽഹ മടിച്ചില്ല. ഒരു ഉദാഹരണം കാണുക:

കഥാപുരുഷന് ഈന്തപ്പനയുടെയും മുന്തിരിയുടെയും ഒരു തോട്ടമുണ്ടായിരുന്നു. ഫലപുഷ്ടിയിലും ജലസമൃധിയിലും അതിനെ കവച്ചുവെക്കുന്ന തോട്ടം മദീനയിൽ ഒരാൾക്കുമുണ്ടായിരുന്നില്ല. ഒരു ദിവസം അബൂത്വൽഹ തന്റെ തോട്ടത്തിൽ മരച്ചോലയിൽ നമസ്കരിച്ചുകൊണ്ടിരിക്കെ ഒരു കിളി രാഗം പൊഴിച്ച് മരച്ചില്ലകളിൽ തത്തിക്കളിച്ചു കൊണ്ടിരുന്നു. അതിന്റെ വർണ ഭംഗിയും ഗാന മാധുര്യവും ഒരു നിമിഷം അദ്ദേഹത്തിന്റെ ശ്രദ്ധയാകർഷിച്ചു. തന്മൂലം എത്ര റക്അത്ത് നമസ്കരിച്ചു എന്ന് അദ്ദേഹം മറന്നുപോയി. സലാം വീട്ടിയ ഉടനെ അദ്ദേഹം തിരുസന്നിധിയിൽ ചെന്ന് തന്റെ തോട്ടവും കളകൂജനങ്ങളും നമസ്കാരത്തിൽ ഏകാഗ്രത നശിപ്പിക്കുന്നുണ്ടെന്നു സങ്കടം ബോധിപ്പിച്ചശേഷം ഇപ്രകാരം അറിയിച്ചു: "തിരുമേനീ! അങ്ങയുടെ സാന്നിധ്യത്തിൽ ഈ തോട്ടം ഞാൻ അല്ലാഹുവിന് ദാനമാക്കുന്നു. അല്ലാഹുവിനും അവന്റെ ദൂതനും തൃപ്തിയുള്ള മാർഗത്തിൽ അത് വിനിയോഗിച്ചാലും!'

അബൂത്വൽഹ സമരഭടനും വ്രതസ്ഥനുമായിട്ടാണ് ജീവിച്ചത്. മരിച്ചതും ആ അവസ്ഥയിൽ തന്നെ, നബിയുടെ നിര്യാണത്തിനുശേഷം മുപ്പതോളം വർഷം അദ്ദേഹം നിത്യ നോമ്പുകാരനായി കഴിച്ചുവെന്നും വ്രതം നിരോധിച്ച പെരുന്നാൾ ദിവസങ്ങൾ മാത്രമേ ഒഴിവാക്കിയിരുന്നുള്ളൂവെന്നും ചരിത്രകൃതികളിൽ പറയുന്നു. വയോവൃദ്ധനായി നാഡികൾ ക്ഷയിക്കുന്നതുവരെ അല്ലാഹുവിന്റെ മാർഗത്തിൽ പടപൊരുതാനും, ഇസ്‌ലാമിന്റെ യശസ്സുയർത്താനുള്ള സാഹസികയാത്രക്കും അദ്ദേഹം താൽപര്യം കാണിച്ചു.

ഏറ്റവും ഒടുവിലത്തെ ഉദാഹരണം കാണുക: ഖലീഫാ ഉസ്മാന്റെ ഭരണ കാലത്ത് മുസ്‌ലീംകൾ കടൽ യുദ്ധത്തിനു വട്ടംകൂട്ടി. ഈ സമയം സൈന്യത്തിൽ ചേരാൻ അബൂത്വൽഹ ഒരുങ്ങിയപ്പോൾ മക്കൾ ഇപ്രകാരം അഭ്യർഥിച്ചു: "അങ്ങ് ഇപ്പോൾ വൃദ്ധനാണ്. നബിയുടെയും അബൂബക്കറിന്റെയും ഉമറിന്റെയും കൂടെ അങ്ങ് യുദ്ധം ചെയ്തിട്ടുണ്ടല്ലോ. ഇനി വിശ്രമമെടുക്കണം അങ്ങയ്ക്കുപകരം യുദ്ധത്തിനു പോകാൻ ഞങ്ങളുണ്ട്.' അബൂ ത്വൽഹയുടെ മറുപടി ഇതായിരുന്നു: 'ഒരു പരിതസ്ഥിതിയിലും നിങ്ങൾ യുദ്ധം ചെയ്യാതിരിക്കരുത് എന്നാണ് അല്ലാഹു പറയുന്നത്, വൃദ്ധന്മാർക്കും യുവാക്കൾക്കും യുദ്ധം നിർബന്ധമാണ്. അതിന് അല്ലാഹു പ്രായം ക്ലിപ്തപ്പെടുത്തിയിട്ടില്ല.' യുദ്ധത്തിനു പുറപ്പെടുമെന്നു തന്നെ അദ്ദേഹം ശഠിച്ചു.

മുസ്‌ലിം സൈന്യത്തോടൊപ്പം കപ്പലിൽ യാത്ര ചെയ്യുമ്പോൾ നടുക്കടലിൽ വെച്ചു അബൂത്വൽഹ രോഗബാധിതനായി അന്ത്യശ്വാസം വലിച്ചു. കപ്പൽ ഏഴുനാൾ ഓടിയതിനു ശേഷമാണ് മൃതദേഹം സംസ്കരിക്കാൻ ഒരു ദ്വീപ് കണ്ടെത്തിയത്. അങ്ങനെ വിജനമായ ആ സ്ഥലത്ത് അദ്ദേഹത്തെ അടക്കം ചെയ്തു. കൂട്ടിന് അല്ലാഹു മാത്രം! അല്ലാഹുവിനെക്കാൾ നല്ല കൂട്ടാളി ആരുണ്ട്?

# പ്രാർത്ഥനാ പഠനം

## ഉറങ്ങാൻ കിടക്കുമ്പോൾ

بِاسْمِكَ اللَّهُمَّ أَمُوتُ وَأَحْيَا .

**അല്ലാഹുവേ, നിന്റെ നാമത്തിൽ ഞാൻ ജീവിക്കുകയും മരിക്കുകയും ചെയ്യുന്നു.**